**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 960** **06-02-2023 - ൽ മറുപടിയ്ക്ക്**

**സ്വയം ഭൂമി വിട്ടൊഴിയൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | റീ ബിൽഡ് കേരളയുടെ ഭാഗമായി വനം വകുപ്പിന് കീഴിൽ നടപ്പാക്കി വരുന്ന സ്വയം ഭൂമി വിട്ടൊഴിയൽ പദ്ധതിയുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | റീ ബിൽഡ് കേരളയുടെ ഭാഗമായി വനം വകുപ്പിന് കീഴിൽ നടപ്പാക്കി വരുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട് ജനങ്ങൾക്കിടയിൽ ആശങ്ക ഉണ്ടാകാത്ത രീതിയിൽ വനം വകുപ്പ് ഉദ്യോഗസ്ഥർ പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും അവരുടെ ആകുലതകൾ നേരിൽ കേട്ട് പരിഹരിച്ചു വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കോതമംഗലം താലൂക്കിൽ എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | റീ ബിൽഡ് കേരള ഡെവലപ്മെന്റ് സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട് കോതമംഗലം താലൂക്കിൽ കുരിക്കുളം, തെക്കുമ്മൽ എന്നീ സെറ്റിൽമെന്റുകൾക്ക് ഏഴാമത്തെ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുള്ളതാണ്. ടി സെറ്റിൽമെന്റിൽ നിന്നും ലഭിച്ച അപേക്ഷകളിൻമേൽ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | പദ്ധതിയുമായി മുന്നോട്ട് പോകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | പ്രസ്തുത പദ്ധതി ജനങ്ങൾ കേരളമൊട്ടാകെ അംഗീകരിച്ച അവസ്ഥയാണ് ഇന്നുള്ളത്. കേരളത്തിലുടനീളമുള്ള വനം ഡിവിഷനുകളിൽ ആയതിൻ പ്രകാരമുള്ള അപേക്ഷകൾ ലഭിച്ചു തുടങ്ങിയിട്ടുമുണ്ട്. നിരവധി ആൾക്കാർ പദ്ധതി പ്രയോജനപ്പെടുത്തുന്നതിനാൽ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയുമായി മുന്നോട്ടു പോകുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ